ഡോക്ടറെ അസഭ്യം പറഞ്ഞ യുവാവ് അറസ്റ്റിൽ

തിരുവനന്തപുരം

ശബരി

തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ ചികിത്സയ്ക്ക് എത്തിയ രോഗി ഡോക്ടറെ അസഭ്യം പറഞ്ഞു. തിങ്കൾ രാത്രി 11നായിരുന്നു സംഭവം. പൂജപ്പുര ചിത്രാനഗറിൽ ടിസി 17/773 സിഎൻആർഎ 53 (എ) പ്രശാന്ത് ഭവനിൽ ശബരി പി നായർ(20) ആണ് അറസ്റ്റിലായത്.

ഡോക്ടറെ അസഭ്യംപറഞ്ഞ ഇയാളെ ആശുപത്രി ജീവനക്കാർ ചേർന്ന് തടയുകയായിരുന്നു. കന്റോൺമെന്റ് സി ഐ ഷാഫിയുടെ നേതൃത്വത്തിലുള്ള സംഘം ആശുപത്രിയിലെത്തി യുവാവിനെ കസ്റ്റഡിയിലെടുത്തു. അറസ്റ്റ് രേഖപ്പെടുത്തി കോടതിയിൽ ഹാജരാക്കിയ ഇയാളെ റിമാൻഡ് ചെയ്തു. ആശുപത്രി സംരക്ഷണ നിയമപ്രകാരമുള്ള വകുപ്പുകൾ ചുമത്തിയാണ് കേസ്. അപകടത്തിൽ കൈക്ക് പരിക്കേറ്റാണ് ശബരി ചികിത്സയ്ക്ക് എത്തിയത്. കാഷ്വാലിറ്റിയിൽ ഉണ്ടായിരുന്ന ഡോക്ടർ കരിയാനുള്ള മരുന്ന് ലായനി മുറിവിൽ ഒഴിച്ചു. മരവിപ്പിച്ചതിനുശേഷം മതി ഡ്രസിങ്ങെന്ന് ശബരി ആവശ്യപ്പെട്ടു. മിണ്ടാതെ കിടക്കാൻ ഡോക്ടർ ആവശ്യപ്പെട്ടതോടെയാണ് യുവാവ് അസഭ്യം പറഞ്ഞ് തട്ടിക്കയറിയതെന്ന് പൊലീസ് പറഞ്ഞു. ആശുപത്രി അധികൃതരുടെ പരാതിയിലാണ് കേസ്.

ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്: പ്രായോഗിക പരീക്ഷ

തിരുവനന്തപുരം

ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് വിജ്ഞാപനംചെയ്ത ഗുരുവായൂർ ദേവസ്വത്തിലെ ആനപാപ്പാൻ(കാറ്റഗറി നമ്പർ 19/2022) തസ്തികയിലേക്കും തിരുവിതാംകൂർ ദേവസ്വം ബോർഡിലെ രണ്ടാം ആനശേവുകം (രണ്ടാം എൻസിഎ ഒബിസി, 25/2022) തസ്തികയിലേക്കുമുള്ള പ്രായോഗിക പരീക്ഷ 25, 26, 27 തീയതികളിൽ നടക്കും. ഗുരുവായൂർ പുന്നത്തൂർകോട്ട ആനത്താവളത്തിലാണ് പരീക്ഷ. 20 വരെ തപാൽ വഴി മെമ്മോ ലഭിക്കാത്ത ഉദ്യോഗാർഥികൾ ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് സെക്രട്ടറിയുമായി നേരിട്ട് ബന്ധപ്പെടണം. വിവരങ്ങൾക്ക്: www.kdrb.kerala.gov.in

ലൈഫ് മിഷൻ ജില്ലാ കോ-ഓർഡിനേറ്റർ നിയമനം

തിരുവനന്തപുരം

ലൈഫ് മിഷൻ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ജില്ലാ മിഷൻ കോ–ഓർഡിനേറ്റർമാരെ അന്യത്ര സേവന കരാറിൽ നിയമിക്കും. തദ്ദേശവകുപ്പിൽ ഗസറ്റഡ് തസ്തികയിലുള്ള വികസനക്ഷേമ പ്രവർത്തനങ്ങളിൽ പ്രത്യേകം താൽപ്പര്യവും കഴിവുമുള്ളവർക്ക് അപേക്ഷിക്കാം. നിരാക്ഷേപ സാക്ഷ്യപത്രം സഹിതം 31ന് പകൽ മൂന്നിനകം ലൈഫ് മിഷൻ സംസ്ഥാന ഓഫീസിൽ അപേക്ഷിക്കണം. കൂടുതൽ വിവരങ്ങൾ ലൈഫ് മിഷൻ സംസ്ഥാന ഓഫീസിൽ.

17 കേന്ദ്രത്തിലേക്ക് നെറ്റ്‌വർക്ക് സെയിലുമായി സ്കൂട്ട്

തിരുവനന്തപുരം

സിംഗപ്പൂർ എയർലൈൻസിന്റെ ലോ കോസ്റ്റ് സബ്സിഡിയറിയായ സ്കൂട്ട് 16 മുതൽ 20 വരെ നെറ്റ്‌വർക്ക് സെയിൽ പ്രഖ്യാപിച്ചു. തിരുവനന്തപുരം, കോയമ്പത്തൂർ, തിരുച്ചിറപ്പള്ളി, വിശാഖപട്ടണം തുടങ്ങിയിടങ്ങളിലെ യാത്രക്കാർക്ക് ദക്ഷിണ പൂർവേഷ്യയിലെയും പൂർവേഷ്യയിലെയും 17 കേന്ദ്രത്തിലേക്ക് 6200 രൂപ മുതൽ തുടങ്ങുന്ന നിരക്കുകളിൽ യാത്ര ചെയ്യാം.

ആഗസ്റ്റ് 31 വരെ സ്കൂട്ടിന്റെ നെറ്റ്‌വർക്കിൽപ്പെട്ട ജപ്പാൻ, ഇന്തോനേഷ്യ, ലാവോസ്, മലേഷ്യ, ഫിലിപ്പീൻസ്, സിംഗപ്പൂർ, ദക്ഷിണ കൊറിയ, വിയറ്റ്നാം ഉൾപ്പെടെയുള്ള സ്ഥലങ്ങളിലെ കേന്ദ്രങ്ങൾ തെരഞ്ഞെടുക്കാം. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് സിംഗപ്പൂർ വഴിയുള്ള യാത്രകളും തെരഞ്ഞെടുക്കാം. സ്കൂട്ട് പ്ലസിൽ കൂടുതൽ ആനുകൂല്യങ്ങളും ലഭ്യമാക്കിയിട്ടുണ്ട്.

കന്നുകാലികളിലെ പ്രതിരോധ കുത്തിവയ്പ് തുടങ്ങി

തിരുവനന്തപുരം

സംസ്ഥാന മൃഗസംരക്ഷണ വകുപ്പ് ദേശീയ ജന്തുരോഗ നിയന്ത്രണ പദ്ധതിയുടെ ഭാഗമായുള്ള ബ്രൂസെല്ല പ്രതിരോധ കുത്തിവയ്പ് യജ്ഞം ആരംഭിച്ചു. നാല് മാസത്തിനും എട്ട് മാസത്തിനും ഇടയിലുള്ള എല്ലാ പശുക്കുട്ടികൾക്കും എരുമക്കുട്ടികൾക്കുമുള്ള കുത്തിവയ്പ് 19 വരെയുള്ള അഞ്ച് ദിവസം മൃഗാശുപത്രികൾ, വെറ്ററിനറി സബ് സെന്ററുകൾ, തദ്ദേശ സ്ഥാപനങ്ങൾ, പാൽ സൊസൈറ്റികൾ എന്നിവയുടെ പരിസരങ്ങളിലും ഭവനസന്ദർശനം വഴിയും സൗജന്യമായി ലഭിക്കും. ചികിത്സ ഇല്ലാത്തതിനാൽ ഒറ്റത്തവണ കുത്തിവയ്പിലൂടെ മാത്രമേ പ്രതിരോധം സാധ്യമാകൂ.

കുടിവെള്ളം ശുദ്ധമോ! പരിശോധിക്കാൻ 85 ലാബ്

തിരുവനന്തപുരം

കുടിക്കുന്ന വെള്ളം 100 ശതമാനം ശുദ്ധമെന്നുറപ്പിക്കാനുള്ള പരിശോധനയ്ക്ക് സംസ്ഥാനത്ത് പ്രവർത്തിക്കുന്നത് 85 ലാബ്. രണ്ട് വർഷത്തിനിടെ ഈ പരിശോധനാ കേന്ദ്രങ്ങളുടെ സേവനം പ്രയോജനപ്പെടുത്തിയത് 10 ലക്ഷത്തിലധികം പേരാണ്. 13.80 ലക്ഷം സാമ്പിൾ ഇക്കാലയളവിൽ പരിശോധിച്ചു.

കിണർ, കുളം എന്നിവയിലെ വെള്ളവും പൈപ്പ് വെള്ളവും ഉൾപ്പെടെ പരിശോധിക്കാൻ ലാബിൽ അവസരമുണ്ട്. ലാബുകളിൽ 83 എണ്ണത്തിനും ദേശീയ ഗുണനിലവാര ഏജൻസിയായ എൻഎബിഎല്ലിന്റെ അംഗീകാരമുണ്ട്. സംസ്ഥാനത്ത് ജല അതോറിറ്റി പദ്ധതികളുടെ എല്ലാ നദീജല സ്രോതസ്സുകളിലും മൺസൂണിനു മുമ്പും ശേഷവും ഗുണനിലവാരം ഉറപ്പാക്കുന്നുണ്ട്. ഉപഭോക്താക്കൾക്ക് ജല ഗുണനിലവാര പരിശോധന ഓൺലൈൻ വഴി നിർവഹിക്കാനുള്ള സൗകര്യവുമുണ്ട്. qpay.kwa.kerala.gov.in ൽ പണമടച്ച്, കുടിവെള്ള സാമ്പിൾ അതതു ലാബുകളിൽ എത്തിച്ചാൽ പരിശോധിച്ച് ഫലം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും.

വിവിധ പരിശോധനയ്ക്കുള്ള ഗാർഹിക നിരക്കുകൾ 50 മുതൽ 250 രൂപ വരെയാണ്. ഗാർഹികേതര നിരക്കുകൾ 100 മുതൽ 500 രൂപവരെ. മൂന്നോ അതിൽ കുറവോ പാരാമീറ്ററുകൾ പരിശോധിക്കുന്നതിന് 100 രൂപ അധികം ഈടാക്കും. ഇരു വിഭാഗത്തിലും പരിശോധനകൾക്ക് പാക്കേജുകളുണ്ട്.

കുടിവെള്ളത്തിന്റെ രാസ ഭൗതിക പരിശോധനയ്ക്കായി അന്നു ശേഖരിച്ച രണ്ടു ലിറ്റർ വെള്ളമാണ് എത്തിക്കേണ്ടത്. ബാക്ടീരിയ പരിശോധനയ്ക്കായി അണുവിമുക്ത ബോട്ടിലിൽ 100 മില്ലി ലിറ്റർ വെള്ളം എത്തിക്കാം. വിവിധ ജില്ലകളിലെ ലാബുകളുടെ ലൊക്കേഷൻ, ഫോൺ നമ്പർ എന്നിവ www.kwa.kerala.gov.inൽ ലഭിക്കും. ഗുണനിലവാരം ഇല്ലാത്ത സാമ്പിൾ കണ്ടെത്തിയാൽ അതത് വ്യക്തികളെയോ അധികാരികളെയോ ബോധ്യപ്പെടുത്തി പ്രതിവിധികൾ നിർദേശിക്കും.

ദൗത്യം വിജയിച്ചാൽ വൻതുക; കടത്തിയത് പാക് മാഫിയക്കുവേണ്ടി

കൊച്ചി

മാരക ലഹരിമരുന്നായ മെത്താംഫെറ്റമിൻ കടത്തിയത് പാകിസ്ഥാനിലെ ലഹരി കള്ളക്കടത്തുകാരനുവേണ്ടിയാണെന്ന് പ്രതി സുബൈർ വെളിപ്പെടുത്തിയതായി നാർകോട്ടിക്സ് കൺട്രോൾ ബ്യൂറോ. എൻസിബി റിമാൻഡ് റിപ്പോർട്ടിലാണ് ഇക്കാര്യം വ്യക്തമാക്കിയത്. മെത്താംഫെറ്റമിൻ കടത്തുന്ന ദൗത്യം വിജയകരമായി പൂർത്തിയാക്കിയാൽ വൻതുക വാഗ്ദാനം ചെയ്തിരുന്നതായും സുബൈർ വെളിപ്പെടുത്തിയിട്ടുണ്ട്.

മെത്താംഫെറ്റമിൻ കടത്താനുപയോഗിച്ച കപ്പലിന് പേരുണ്ടായിരുന്നില്ല. തവിട്ടും നീലയും നിറത്തിൽ ചുവന്ന വരകളുള്ള കപ്പലായിരുന്നു. സുബൈർ പാകിസ്ഥാൻകാരനാണെന്ന് റിപ്പോർട്ടിലുണ്ടെങ്കിലും ഇറാനിലെ വിലാസമാണ് നൽകിയിരിക്കുന്നത്. രണ്ടര ടണ്ണിലേറെ (2525.675 കിലോഗ്രാം) മെത്താംഫെറ്റമിനാണ് പിടിച്ചെടുത്തത്. ജിപിഎസ് ട്രാക്കർ, ബോട്ട് എന്നിവയും കസ്റ്റഡിയിലെടുത്തു. പ്രതിയെ വിശദമായി ചോദ്യം ചെയ്യാനായി എൻസിബി ഉടൻ കസ്റ്റഡി അപേക്ഷ നൽകും. പാകിസ്ഥാനിലെ ഹാജി സലിമിനുവേണ്ടിയാണ് സുബൈർ ലഹരി കടത്തിയതെന്നാണ് അന്വേഷകസംഘത്തിന്റെ നിഗമനം. മാലദ്വീപിലേക്ക് നീങ്ങുന്നതിനിടെയാണ് കഴിഞ്ഞയാഴ്ച കടലിൽനിന്ന് നേവിയും എൻസിബിയും ചേർന്ന് മെത്താംഫെറ്റമിൻ പിടിച്ചത്. കപ്പലിലുണ്ടായിരുന്ന സുബൈറിനെയും കസ്റ്റഡിയിലെടുത്തിരുന്നു.

ഉദ്ഘാടനം നാളെ മുഖ്യമന്ത്രി നിർവഹിക്കും

ഡിജിറ്റൽ സേവനങ്ങളിലേക്ക് കേരള ബാങ്ക്

KERALA BANK
Kerala State Co-operative Bank

തിരുവനന്തപുരം

കേരള ബാങ്കിന്റെ ഡിജിറ്റൽ ബാങ്കിങ് സേവനങ്ങളുടെയും ഐടി സംയോജനത്തിന്റെയും ഉദ്ഘാടനം വ്യാഴാഴ്ച മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. ഇതോടെ യുപിഐ, കോർ ബാങ്കിങ് സേവനങ്ങളടക്കം വാണിജ്യ ബാങ്കുകൾ നൽകുന്ന എല്ലാ ആധുനിക ഡിജിറ്റൽ ബാങ്കിങ് സേവനങ്ങളും കേരള ബാങ്കിലും ലഭിക്കും.

‘കെബി പ്രൈം’ എന്ന പേരിൽ വ്യക്തിഗത ഉപയോക്താക്കൾക്കും ‘കെബി പ്രൈം പ്ലസ്’ എന്ന പേരിൽ സ്ഥാപനങ്ങൾക്കുമായി രണ്ട് മൊബൈൽ ബാങ്കിങ് ആപ്ലിക്കേഷൻ പുറത്തിറക്കുന്നുണ്ട്.

കെബി പ്രൈം പ്ലസിന്റെ ഉദ്ഘാടനം മന്ത്രി വി ശിവൻകുട്ടി നിർവഹിക്കും.

കേരള ബാങ്കിന്റെ എക്സലൻസ് അവാർഡ് വിതരണം, കർഷക അവാർഡ് വിതരണം, മിനിസ്റ്റേഴ്സ് ട്രോഫി വിതരണം എന്നിവയും സംഘടിപ്പിച്ചിട്ടുണ്ട്. മികച്ച റീജണൽ ഓഫീസിനും മികച്ച ക്രെഡിറ്റ് പ്രോസസിങ് സെന്ററിനുമുള്ള മിനിസ്റ്റേഴ്സ് ട്രോഫി പുരസ്കാരങ്ങൾ ആലപ്പുഴയ്ക്കാണ്. സംസ്ഥാനത്തെ മികച്ച ശാഖയ്ക്കുള്ള പുരസ്കാരം കോഴിക്കോട് ഉള്ളിയേരി ശാഖയ്ക്കും ലഭിച്ചു.

കേരള ബാങ്ക് എക്സലൻസ് പുരസ്കാരം ഏറാമല സർവീസ് സഹകരണ ബാങ്ക്, ബേപ്പൂർ സർവീസ് കോഓപ്പറേറ്റീവ് ബാങ്ക്, കതിരൂർ സർവീസ് സഹകരണ ബാങ്ക്, നീലേശ്വരം സർവീസ് കോഓപ്പറേറ്റീവ് ബാങ്ക് എന്നിവയ്ക്ക് സമ്മാനിക്കും. അർബൻ ബാങ്ക്തല പുരസ്കാരം കോട്ടയം കോഓപ്പറേറ്റീവ് അർബൻ ബാങ്ക്, സുൽത്താൻ ബത്തേരി കോഓപ്പറേറ്റീവ് അർബൻ ബാങ്ക്, കോസ്റ്റൽ അർബൻ കോഓപ്പറേറ്റീവ് ബാങ്ക് 3036 എന്നിവയ്ക്കും സമ്മാനിക്കും.

മികച്ച നെൽ കർഷകനുള്ള പുരസ്കാരത്തിന് ചന്ദ്രൻ മുള്ളാരുവീട്ടിൽ (കോഴിക്കോട്), ക്ഷീര കർഷകനുള്ള പുരസ്കാരം പി രജീഷ് (കോഴിക്കോട്) എന്നിവർ അർഹരായി. പച്ചക്കറി കർഷകൻ കെ പി ശുഭകേശൻ (ആലപ്പുഴ), സമ്മിശ്ര കർഷകൻ സജി മാത്യു (കോഴിക്കോട്), മത്സ്യ കർഷകൻ പി സി ജോർജ് (കോഴിക്കോട്), തോട്ടവിള കർഷകൻ ബി രാജീവ് (കൊല്ലം) എന്നിവരാണ്.

മിനിസ്റ്റേഴ്സ് ട്രോഫി വിതരണം മന്ത്രി വി എൻ വാസവനും എക്സലൻസ് പുരസ്കാരങ്ങൾ (സംസ്ഥാനതലം) മന്ത്രി റോഷി അഗസ്റ്റിനും എക്സലൻസ് അവാർഡ് (അർബൻ ബാങ്ക്) മന്ത്രി ആന്റണി രാജുവും കർഷക അവാർഡുകൾ മന്ത്രി ജി ആർ അനിലും വിതരണം ചെയ്യും. പകൽ 12നു കവടിയാർ ഉദയ് പാലസ് കൺവൻഷൻ സെന്ററിലാണ് പരിപാടി.

പ്രവാസി മിത്രം പോർട്ടൽ സജ്ജം

റവന്യു അപേക്ഷകളിലെ നടപടി പ്രവാസികൾക്ക് ഓൺലൈനായി അറിയാം

സ്വന്തം ലേഖകൻ

തിരുവനന്തപുരം

റവന്യൂ കാര്യാലയങ്ങളിൽ പ്രവാസി മലയാളികൾ നൽകുന്ന അപേക്ഷകളുടെ തൽസ്ഥിതി ഇനി ഓൺലൈനായി പരിശോധിക്കാം. ഇതിനായി റവന്യൂ വകുപ്പിന്റെ പോർട്ടൽ ‘പ്രവാസി മിത്രം’ സജ്ജമായി. ഇ മെയിൽ ഐഡി ഉപയോഗിച്ച് ലോകത്തിന്റെ ഏതു കോണിലിരുന്നും നൽകിയ പരാതിയിലും അപേക്ഷയിലും റവന്യൂ ഉദ്യോഗസ്ഥർ സ്വീകരിച്ച നടപടി അറിയാനാകും.

പോർട്ടലിൽ ലഭിക്കുന്ന പരാതിയും അപേക്ഷയും കൈകാര്യം ചെയ്യാൻ ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും പ്രവാസി സെല്ലും രൂപീകരിച്ചിട്ടുണ്ട്. സെല്ലിന്റെ ജില്ലാ നോഡൽ ഓഫീസർ ഡെപ്യൂട്ടി കലക്ടറും സംസ്ഥാന നോഡൽ ഓഫീസർ ലാൻഡ് റവന്യൂ അസി. കമീഷണറുമാണ്. http://pravasimithram.kerala.gov.in ആണ് വിലാസം.

ജില്ലാ തലത്തിൽ നൽകുന്ന അപേക്ഷ ജില്ലയിലെ നോഡൽ ഓഫീസർക്ക് ലഭിച്ചാൽ അതത് റവന്യൂ സബ് ഓഫീസുകളിൽനിന്ന് അപേക്ഷയുടെ നടപടി വിവരം പോർട്ടൽ മുഖാന്തരം അപേക്ഷകന് ലഭിക്കും. സംസ്ഥാന ഓഫീസുകളിൽ നൽകിയ അപേക്ഷ /പരാതി ജില്ലാ നോഡൽ ഓഫീസർക്ക് ലഭിക്കുകയും ബന്ധപ്പെട്ട റവന്യൂ ഓഫീസുകളിലെ നടപടി വിവരം സംസ്ഥാന നോഡൽ ഓഫീസർ പോർട്ടൽ വഴി അപേക്ഷകന് ലഭ്യമാക്കുകയും ചെയ്യും.

പ്രവാസി മിത്രം പോർട്ടലിന്റെയും പ്രവാസി സെല്ലിന്റെയും ഉദ്ഘാടനം ബുധൻ വൈകിട്ട് 4.30ന് നിയമസഭയിലെ ശങ്കരനാരായണൻ തമ്പി ഹാളിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. മന്ത്രി കെ രാജൻ അധ്യക്ഷനാകും.

എയ്ഡഡ് സ്കൂൾ ഭിന്നശേഷി സംവരണം വേഗത്തിൽ നടപ്പാക്കണം: സുപ്രീംകോടതി

സ്വന്തം ലേഖകൻ

ന്യൂഡൽഹി

കേരളത്തിലെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി വിഭാഗക്കാരായ ഉദ്യോഗാർഥികളുടെ നിയമനനടപടികൾ വേഗത്തിലാക്കണമെന്ന് സുപ്രീംകോടതി. ഭിന്നശേഷി വിഭാഗക്കാർക്ക് സംവരണം ചെയ്തിട്ടുള്ള തസ്തികകൾ കണക്കാക്കിയശേഷം നിയമന നടപടികൾ വേഗത്തിലാക്കണമെന്നാണ് ജസ്റ്റിസുമാരായ സൂര്യകാന്ത്, അരവിന്ദ്കുമാർ എന്നിവരുടെ ബെഞ്ചിന്റെ നിർദേശം.

ഈ വിഷയത്തിൽ കേരള ഹൈക്കോടതി നേരത്തേ പുറപ്പെടുവിച്ച നിർദേശങ്ങൾ സംസ്ഥാന സർക്കാരും എയിഡഡ് സ്കൂൾ മാനേജ്മെന്റുകളും വേഗത്തിൽ നടപ്പാക്കണമെന്നും സുപ്രീംകോടതി നിർദേശിച്ചു. സംസ്ഥാനസർക്കാർ സത്യവാങ്മൂലം സമർപ്പിക്കണം. കേസ് ജൂലൈയിലേക്ക് മാറ്റി. കേരളത്തിലെ ചില ഹയർസെക്കൻഡറി സ്കൂൾ അധ്യാപകരാണ് ഹൈക്കോടതി ഉത്തരവിനെ തുടർന്ന് സുപ്രീംകോടതിയെ സമീപിച്ചത്. ഹർജിക്കാർക്കുവേണ്ടി മുതിർന്ന അഭിഭാഷകൻ ദുഷ്യന്ത്ദവേ, അഡ്വ. ഹാരീസ് ബീരാൻ എന്നിവർ ഹാജരായി.

തമ്മിലടി: രണ്ടിടത്ത് സമ്മേളനവുമായി സെക്രട്ടറിയറ്റ് കോൺഗ്രസ് അനുകൂല സംഘടന

തിരുവനന്തപുരം

ചേരിതിരിഞ്ഞ് സമ്മേളനം നടത്താനൊരുങ്ങി സെക്രട്ടറിയറ്റിലെ കോൺഗ്രസ് അനുകൂല സംഘടന. സമവായ നീക്കങ്ങൾ നീണ്ടതോടെയാണ് ഒരേ സംഘടനയുടെ ഇരുവിഭാഗവും സമ്മേളനം രണ്ടായി നടത്തുന്നത്. എം എസ് ജ്യോതിഷ് നേതൃത്വം നൽകുന്ന ഉമ്മൻചാണ്ടി അനുകൂല വിഭാഗം സെൻട്രൽ സ്റ്റേഡിയത്തിലും എം എസ് ഇർഷാദ് പ്രസിഡന്റായുള്ള എതിർവിഭാഗം ഭാഗ്യമാല ഓഡിറ്റോറിയത്തിലുമായാണ് വ്യാഴാഴ്ച 58–ാം വാർഷികത്തോടനുബന്ധിച്ച് പ്രത്യേക സമ്മേളനം നടത്തുന്നത്. ഇരുകൂട്ടരും ഫ്ലക്സ് ബോർഡും നോട്ടീസും തയ്യാറാക്കി പ്രചാരണവും ആരംഭിച്ചു. പരമാവധി അംഗങ്ങളെ തങ്ങൾക്കൊപ്പം നിർത്താനുള്ള ശ്രമം ഇരുകൂട്ടരും നടത്തുന്നുണ്ട്. 2022 ജൂലൈയിൽ നടന്ന ഭാരവാഹി തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടാണ് രണ്ടുവിഭാഗമായി പിരിഞ്ഞത്. ജ്യോതിഷ് വിഭാഗം തെരഞ്ഞെടുപ്പുമായി മുന്നോട്ടു പോയപ്പോൾ മറുവിഭാഗം സ്വന്തം നിലയ്ക്ക് ഭാരവാഹികളെ പ്രഖ്യാപിക്കുകയായിരുന്നു.

കെപിസിസി അധ്യക്ഷൻ കെ സുധാകരന്റെ നേതൃത്വത്തിലുള്ള ചർച്ചയും ഫലം കണ്ടില്ല. യഥാർഥ അസോസിയേഷൻ തങ്ങളുടേതാണെന്ന് പ്രഖ്യാപിക്കണമെന്ന് ആവശ്യപ്പെട്ട് മുൻപ് ഇരുവിഭാഗവും കോടതിയെയും സമീപിച്ചിരുന്നു. പ്രശ്ന പരിഹാരത്തിന് പ്രതിപക്ഷ നേതാവ് ഇടപെട്ടിട്ടും നടക്കാത്തതോടെയാണ് രണ്ട് സമ്മേളനങ്ങളുമായി മുന്നോട്ട് പോകുന്നത്. സമ്മേളനങ്ങളുടെ പേരിൽ നടക്കുന്ന പണപ്പിരിവ് നിർത്തിവയ്ക്കണമെന്ന് ആവശ്യപ്പെട്ട് അസോസിയേഷൻ അംഗങ്ങളിൽ ചിലർ വഞ്ചിയൂർ മുൻസിഫ് കോടതിയിൽ നൽകിയ കേസിൽ ബുധനാഴ്ച വാദം കേൾക്കാൻ നോട്ടീസ് അയച്ചിട്ടുണ്ട്.

പൊന്നമ്പലമേട്ടിലെ പൂജ: നടപടി വേണം

തിരുവനന്തപുരം

പൊന്നമ്പലമേട്ടിൽ അനധികൃതമായി കടന്ന് പൂജ നടത്തിയ നാരായണസ്വാമിയെ അറസ്റ്റ് ചെയ്ത് നിയമനടപടി സ്വീകരിക്കണമെന്ന് തിരുവിതാംകൂർ ദേവസ്വം ദേശീയ പ്രചാര സഭ ആവശ്യപ്പെട്ടു.

7–ാം ക്ലാസ് വരെ അടിസ്ഥാനശേഷി വികസനത്തിന് ഊന്നൽ

സ്വന്തം ലേഖകൻ

തിരുവനന്തപുരം

പുതിയ അധ്യയനവർഷം ഏഴുവരെ ക്ലാസുകളിലെ കുട്ടികളുടെ ഭാഷ, ശാസ്ത്രം, ഗണിതം എന്നിവയിൽ അടിസ്ഥാനശേഷി വികസനത്തിന് ഊന്നൽനൽകാൻ മന്ത്രി വി ശിവൻകുട്ടി വിളിച്ച അധ്യാപക സംഘടനാ നേതാക്കളുടെ യോഗം തീരുമാനിച്ചു.

പ്രവർത്തനങ്ങൾക്ക് സംഘടനാനേതാക്കൾ പൂർണ പിന്തുണ അറിയിച്ചു. ഹൈസ്കൂൾ പഠനത്തിന് മുമ്പുതന്നെ ഭാഷ, ശാസ്ത്രം, ഗണിതം എന്നിവയിൽ അടിസ്ഥാനശേഷി എല്ലാ വിദ്യാർഥികളും ആർജിക്കുന്നുവെന്ന് ഉറപ്പാക്കാൻ അനുബന്ധ പഠന പ്രവർത്തനങ്ങൾക്ക് രൂപംനൽകും.

21 മുതൽ 27 വരെ സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും നടക്കുന്ന ശുചീകരണത്തിന്റെ സംസ്ഥാന ഉദ്ഘാടനം 21ന് കരമന ഗവ. ഹയർ സെക്കൻഡറി സ്കൂളിൽ മന്ത്രി നിർവഹിക്കും. പുതിയ വർഷം ചുരുങ്ങിയത് 200 അധ്യയന ദിനങ്ങളെങ്കിലും ഉറപ്പാക്കും. അക്കാദമിക് കലണ്ടർ പൂർത്തീകരിക്കാൻ ഉന്നതതലത്തിൽ അടിയന്തരയോഗം വിളിക്കും.

ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങൾക്ക് സ്കൂൾ തല ജാഗ്രതാസമിതി രൂപീകരിക്കും. ഭിന്നശേഷി ഉത്തരവ് താഴെത്തട്ടിൽ അടിയന്തരമായി നടപ്പാക്കാൻ നടപടിയെടുക്കും. ഹയർ സെക്കൻഡറി അധ്യാപക സ്ഥലംമാറ്റ വ്യവസ്ഥ പരിഷ്കരിച്ച് ഉടൻ നടപ്പാക്കുമെന്ന് മന്ത്രി യോഗത്തിൽ അറിയിച്ചു.

വിദ്യാഭ്യാസ ഓഫീസുകളിലെ ഫയലുകളെക്കുറിച്ചുള്ള വിവരം ശേഖരിച്ച് ആഗസ്ത്, സെപ്തംബർ, ഒക്ടോബർ മാസങ്ങളിൽ അദാലത്ത് നടത്തും. ഫയലുകൾ വച്ച് താമസിപ്പിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കും.

കെഎസ്ടിഎ ജനറൽ സെക്രട്ടറി എൻ ടി ശിവരാജൻ, എകെഎസ്ടിയു ജനറൽ സെക്രട്ടറി ഒ കെ ജയകൃഷ്ണൻ, കെപിഎസ്ടിഎ പ്രസിഡന്റ് അബ്ദുൾ മജീദ് കമ്പ്രൻ തുടങ്ങി 44 അധ്യാപക സംഘടനാ പ്രതിനിധികൾ പങ്കെടുത്തു.

പൊലീസ് സബ് ഇൻസ്പെക്ടർ അഭിമുഖം 19ന്

തിരുവനന്തപുരം

പിഎസ്‌സി വാർത്ത

കേരള പൊലീസിൽ സബ് ഇൻസ്പെക്ടർ ഓഫ് പൊലീസ് (പട്ടികവർഗം, കാറ്റഗറി നമ്പർ 24/2021) തസ്തികയിൽ അഭിമുഖം വെള്ളി രാവിലെ 9.30നും 12നും പിഎസ്‌സി ആസ്ഥാനത്ത് നടക്കും. യോഗ്യത തെളിയിക്കുന്ന രേഖകൾ ഹാജരാക്കണം. ഇന്റർവ്യൂ മെമ്മോ പ്രൊഫൈലിൽ.

വിവിധ സർവകലാശാലകളിൽ പ്രൊഫഷണൽ അസിസ്റ്റന്റ് ഗ്രേഡ് 2 (ലൈബ്രറി, 207/2021) തസ്തികയിലേക്കുള്ള അവസാനഘട്ട അഭിമുഖം 24, 25, 26, 31, ജൂൺ 1, 2 തീയതികളിൽ പിഎസ്‌സി ഓഫീസിൽ. അഡ്മിഷൻ ടിക്കറ്റ് പ്രൊഫൈലിൽ. ഫോൺ : 0471 2546440.

ഒഎംആർ പരീക്ഷ

പ്ലസ്ടുതല മുഖ്യപരീക്ഷയുടെ (2022) ഭാഗമായി സിവിൽ എക്സൈസ് ഓഫീസർ (ട്രെയിനി)/വുമൺ സിവിൽ എക്സൈസ് ഓഫീസർ (89/2021, 578/2021, 579/2021, 580/2021, 613/2021) തസ്തികകളിലേക്ക് വെള്ളി രാവിലെ 10.30 മുതൽ പകൽ 12.30 വരെ ഒഎംആർ പരീക്ഷ. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപറേഷൻ ലിമിറ്റഡിൽ ജൂനിയർ ടൈപ്പിസ്റ്റ് ക്ലർക് (140/2021) തസ്തികയിൽ ശനി രാവിലെ 10.30 മുതൽ പകൽ 12.30 വരെ ഒഎംആർ പരീക്ഷ.

പ്രായോഗിക പരീക്ഷ

ജലഗതാഗത വകുപ്പിൽ കാർപന്റർ (317/2019) തസ്തികയിൽ പ്രായോഗിക പരീക്ഷ 23 മുതൽ 26 വരെ തിരുവനന്തപുരം ചാക്ക ഗവ. ഐടിഐയിൽ. അറിയിപ്പ് ലഭിക്കാത്തവർ പിഎസ്‌സി കൊല്ലം ജില്ലാ ഓഫീസിൽ ബന്ധപ്പെടണം. ഫോൺ : 0471 2546440.

കായികക്ഷമതാ പരീക്ഷ

എക്സൈസ് ഇൻസ്പെക്ടർ (ട്രെയിനി, 497/2019, 498/2019), ജയിൽ വകുപ്പിൽ അസിസ്റ്റന്റ് ജയിലർ ഗ്രേഡ് 1 (494/2019, 496/2019) തസ്തികകളുടെ ചുരുക്കപട്ടികയിലുള്ളവർക്ക് 23ന് രാവിലെ അഞ്ച് മുതൽ മുതൽ കൊല്ലം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ ശാരീരിക അളവെടുപ്പും കായികക്ഷമതാ പരീക്ഷയും. നിശ്ചിത സമയത്തിനുശേഷം എത്തുന്നവരെ കായികക്ഷമതാ പരീക്ഷയിൽ പങ്കെടുപ്പിക്കില്ല. വിജയികൾക്ക് അന്നുതന്നെ പിഎസ്‌സി മേഖലാ ഓഫീസുകളിൽ പ്രമാണ പരിശോധന. പരീക്ഷാകേന്ദ്രങ്ങളുടെ മാറ്റം, തീയതി/സമയ മാറ്റം എന്നിവ അനുവദിക്കില്ല. അഡ്മിഷൻ ടിക്കറ്റ്, മെഡിക്കൽ സർട്ടിഫിക്കറ്റ് (സിവിൽ സർജൻ നൽകുന്നത്), അസ്സൽ തിരിച്ചറിയൽ രേഖ എന്നിവ ഹാജരാക്കണം.

പ്രമാണ പരിശോധന

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ അസി. പ്രൊഫ. ഇൻ ഫോറൻസിക് മെഡിസിൻ (719/2021) തസ്തികയിലെ പ്രമാണപരിശോധന 24ന് രാവിലെ 10.30ന് പിഎസ്‌സി ആസ്ഥാനത്ത്. അറിയിപ്പ് ലഭിക്കാത്തവർ ജിആർ 1 എ വിഭാഗവുമായി ബന്ധപ്പെടണം. ഫോൺ :0471 2546448.

kinfra
INSPIRING GROWTH
കേരള സർക്കാർ

കിൻഫ്ര
സ്റ്റാൻഡേർഡ് ഡിസൈൻ
ഫാക്ടറി ശിലാസ്ഥാപനം

2023 മെയ് 17, വൈകുന്നേരം 5.30
കിൻഫ്ര ഫിലിം & വീഡിയോ പാർക്ക്, കഴക്കൂട്ടം

ശിലാസ്ഥാപനം & നിർമ്മാണ ഉദ്ഘാടനം:
ശ്രീ. പി. രാജീവ്
ബഹു. നിയമ, വ്യവസായ, കയർ വകുപ്പ് മന്ത്രി

അദ്ധ്യക്ഷൻ:
ശ്രീ. കടകംപള്ളി സുരേന്ദ്രൻ
ബഹു. എം.എൽ.എ., കഴക്കൂട്ടം

Maitri.com